സഹകരണമുണ്ടാകും. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പ്രകടിപ്പിച്ച വികാരത്തോട് ഞാൻ യോജിക്കുന്നു. ഇക്കാര്യത്തിൽ നമ്മുടെ പാർലമെന്റ് മെമ്പർമാർ ഒരുമിച്ചുനിന്നതുപോലെ തന്നെ ഈ നിയമസഭയ്ക്കകത്ത് നമുക്ക് ഒരുമിച്ചു നിന്നുകൊണ്ട് കേന്ദ്രത്തോട് കേരളത്തിന്റെ ന്യായമായ അവകാശങ്ങൾ അനുവദിച്ചുതരണമെന്ന് ആവശ്യപ്പെടാം. അതിനോട് പ്രതിപക്ഷം യോജിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. ടി. ശിവദാസമേനോൻ : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ പ്രകടിപ്പിച്ച വികാരം 100 കോടി ജനങ്ങൾ ഏകസ്വരത്തിൽ ഇതിനെതിരായി ശബ്ദിക്കണമെന്നാണ്. ആ പോയിന്റിൽ ഗവൺമെന്റും പ്രതിപക്ഷവും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. ഉണ്ടാവുകയുമില്ല. എന്നാലേ നമ്മുടെ സംസ്ഥാനത്തിന് രക്ഷയുള്ളു. അതുകൊണ്ട് ഇവിടത്തെ മൂന്നുകോടി ജനങ്ങൾ ഒരൊറ്റ ജനത എന്നാണ് പറയുന്നത്. 'ഒരേ ഒരിന്ത്യ, ഒരൊറ്റ ജനത'. പക്ഷേ അതൊക്കെ കാറ്റിൽ പറത്തിയിരിക്കുകയാണ്. ഏതായാലും ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. കുമാരി മമതാ ബാനർജിയെ മുഖ്യമന്ത്രി കണ്ടു, പക്ഷെ ആ രാഷ്ട്രീയ വിവാദത്തിലേയ്ക്കൊന്നും തന്നെ പ്രവേശിക്കുന്നത് കേരളത്തിന്റെ താല്പര്യത്തിന് ഗുണമുള്ളതല്ല. അതുകൊണ്ട് പ്രതിപക്ഷ നേതാവ് പ്രകടിപ്പിച്ച വികാരത്തോട് യോജിച്ചുകൊണ്ട് ഞാൻ ഈ പ്രമേയം അവതരിപ്പിക്കുകയാണ്. അത് ഈ സഭ ഐകകണ്ഠ്യേന അംഗീകരിക്കണമെന്ന് ഗവൺമെന്റിന് ആഗ്രഹമുണ്ട്. അതിന് പ്രതിപക്ഷവും സഹകരിക്കണമെന്ന് വളരെ വിനീതമായി അഭ്യർത്ഥിക്കുന്നു. പ്രമേയം ഞാൻ വായിക്കാം. 2000-2001 വർഷത്തേയ്ക്കുള്ള റെയിൽവേ ബഡ്ജറ്റിൽ ക്രൂരമായ അവഗണനയാണ് കേരളത്തോട് കാണിച്ചിട്ടുള്ളത്. ഇതിൽ കേരളത്തിലെ ജനങ്ങളുടെ പേരിൽ കേരള നിയമസഭ ശക്തമായി പ്രതിഷേധിക്കുന്നു. കേരളത്തിന്റെ റെയിൽവേ വികസന പദ്ധതികൾക്ക് ആവശ്യമായ തുക വകയിരുത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു. കേരളത്തിന് നീതി ലഭിക്കുവാൻ വേണ്ട നടപടികൾ ഉടനടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് കേരള നിയമസഭ അഭ്യർത്ഥിക്കുന്നു.

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

സ്പീക്കറുടെ അനുമോദനം

മി. സ്പീക്കർ : ഈ പ്രമേയം നിയമസഭയുടെ വികാരമായിട്ടുതന്നെ ഏകകണ്ഠമായി സഭ അംഗീകരിച്ചിരിക്കുന്നു. അതോടൊപ്പം തന്നെ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും പറഞ്ഞു. റെയിൽവേ ബഡ്ജറ്റ് വന്നസമയത്ത് സ്പൊണ്ടേനിയസ് ആയിട്ടുള്ള ഒരു പ്രതികരണം മുൻപൊരിക്കലും ഉണ്ടാകാത്ത നിലയിൽ നമ്മുടെ പാർലമെന്റ് അംഗങ്ങൾ ഒറ്റക്കെട്ടായി പ്രകടിപ്പിച്ചു എന്ന് അതൊരു പുതിയ അനുഭവം തന്നെയാണ്. അങ്ങനെ ശക്തമായി, ഒറ്റക്കെട്ടായി നിന്നുകൊണ്ട് പ്രതിഷേധിച്ച് മുന്നോട്ടുവന്ന കേരളത്തിലെ മുഴുവൻ എം.പി.മാരേയും നിയമസഭയ്ക്കുവേണ്ടി ഞാൻ അനുമോദിക്കുന്നു. ഈ പ്രമേയം ഇന്നുതന്നെ ഡെൽഹിയിൽ സ്പെഷ്യൽ മെസഞ്ചർ വഴി റെയിൽവേ വകുപ്പുമന്ത്രിക്കും അതുപോലെ തന്നെ പ്രധാനമന്ത്രിക്കും എത്തിച്ചു കൊടുക്കുന്നതാണ്. അതോടൊപ്പം അതിന്റെ കോപ്പി കേരളത്തിലെ എല്ലാ എം.പി.മാർക്കും എത്തിച്ചുകൊടുക്കുന്നതാണ് എന്നകാര്യം ജനങ്ങളെ അറിയിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly